# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ-5102 30.06.2014-ൽ മറുപടി നൽകേണ്ടത്

## കേസുകൾ പിൻവലിക്കുന്നതിനുള്ള അപേക്ഷ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.എൻ.എ.നെല്ലിക്കുന്ന് | | ശ്രീ. രമേശ് ചെന്നിത്തല<br>ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി. | |
| (എ) | കേസ്സുകൾ പിൻവലിക്കാനുള്ള അപേക്ഷകളിന്മേൽ സ്വീകരിക്കുന്ന നടപടിക്രമം എന്താണെന്ന് വ്യക്തമാക്കുമോ; | (എ) | കേസുകൾ പിൻവലിക്കാൻ സർക്കാരിൽ ലഭിക്കുന്ന അപേക്ഷകൾ റിപ്പോർട്ടിനായി ബന്ധപ്പെട്ട ജില്ലാ പോലീസ് മേധാവിയ്ക്ക് അയയ്ക്കുകയും ജില്ലാ പോലീസ് മേധാവി ബന്ധപ്പെട്ട പോലീസ് സ്റ്റേഷനുകളിലെ സബ് ഇൻസ്പെക്ടർമാരിൽ നിന്നുമുള്ള റിപ്പോർട്ട് സംസ്ഥാന പോലീസ് മേധാവി മുഖേന സർക്കാരിന് സമർപ്പിക്കുകയും സർക്കാർ കേസിന്റെ നിയമവശം പരിശോധിച്ച് അർഹതപ്പെട്ട കേസുകൾ പിൻവലിക്കുവാൻ സമ്മതപത്രം നൽകുകയും ചെയ്തു വരുന്നു. |
| (ബി) | ജില്ലയിൽ നിന്നുള്ള അപേക്ഷയിൽ ജില്ലാ പോലീസ് മേധാവിയുടെ ശുപാർശ ആവശ്യപ്പെടാറുണ്ടോ; | (ബി) | ആവശ്യപ്പെടാറുണ്ട്. |
| (സി) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം കേസ് പിൻവലിക്കാനുള്ള എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ട്; എത്രയെണ്ണത്തിൽ തീരുമാനം കൈക്കൊണ്ടിട്ടുണ്ട്; എത്ര കേസ്സുകൾ പിൻവലിച്ചിട്ടുണ്ട്; | (സി) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം കേസ് പിൻവലിക്കാനുള്ള 5107 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. 4217 എണ്ണത്തിൽ തീരുമാനം കൈകൊണ്ടിട്ടുണ്ട്. ഇതിൽ 979 കേസ്സുകൾ പിൻവലിച്ചിട്ടുണ്ട്. |

*(തുടർച്ച പുറം-2)*

| | |
|---|---|
| (ഡി) കാസർഗോഡ് ജില്ലയിൽ നിന്നും ഈ കാലയളവിൽ ഇപ്രകാരം എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ട്; എത്രയെണ്ണത്തിൽ തീരുമാനമായിട്ടുണ്ട്: ജില്ലാ പോലീസ് മേധാവിയുടെ റിപ്പോർട്ട് ലഭിക്കാത്തതിനാൽ എത്ര കേസുകൾ പെന്റിംഗിലുണ്ടെന്ന് വ്യക്തമാക്കുമോ ? | (ഡി) കാസർഗോഡ് ജില്ലയിൽ നിന്നും ഈ കാലയളവിൽ ഇപ്രകാരം 913 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. 745 എണ്ണത്തിൽ തീരുമാനമായിട്ടുണ്ട്. ജില്ലാ പോലീസ് മേധാവിയുടെ റിപ്പോർട്ട് ലഭിക്കാത്തതിനാൽ 158 കേസുകൾ പെന്റിംഗിലുണ്ട്. |

സെക്ഷൻ ഓഫീസർ